# സാഹിത്യവാരഫലം

1997/10/31 (സമകാലികമലയാളം)

എം. കൃഷ്ണൻ നായർ

Copyright © 2014-2020, J. Vijayamma. The electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage. Sayahna Foundation, JWRA 34, Jagathy, Trivandrum, India 695014. URL: http://www.sayahna.org

## സാഹിത്യവാരഫലം


1997/10/31-ൽ സമകാലികമലയാളം വാരികയിൽ പ്രസിദ്ധീകരിച്ചത്.


ഫ്രഡറിക് ജെയിംസൻ

വിശ്വപ്രശസ്തിയാർജ്ജിച്ച മാർക്സിസ്റ്റ് നിരൂപകനാണ് ഫ്രഡറിക് ജെയിംസൻ. ഇറ്റാലിയൻ ഭാഷയിൽ ഫ്രാങ്കോ മൊറോത്തി എഴുതിയ 'Modern Epic' എന്ന പുസ്തകത്തെക്കുറിച്ച് ജെയിംസൻ പറഞ്ഞതു് ഇങ്ങനെയാണ്: "ആധുനികതയെ സംബന്ധിച്ച പരമ്പരാഗതങ്ങളായ ചർച്ചകളിൽ സമ്പൂർണ്ണവും നൂതനവുമായ പ്രകാശം വീഴ്ത്തുന്ന മൊറോത്തി. 'Modern Epic' ഉത്തേജിപ്പിക്കുന്നു. പ്രചോദിപ്പിക്കുന്നു. അദ്ദേഹത്തിന്റെ പ്രവർത്തനം ഈ പ്രൗഢ ഗ്രന്ഥത്തിൽ ഔന്നത്യത്തിലെത്തിയിരിക്കുന്നു."


ഗൊയ്ഥേ


മൊറോത്തി അവതാരികയിൽ പറയുന്നു: ഫൗസ്റ്റ് (ഗൊയ്ഥേയുടെ കൃതി), മോബിഡിക് (മെല്വിലിന്റെ നോവൽ), ദ നീബലുങ്ങ്സ് റിങ് (The Nibelung's Ring വാഗ്നറുടെ സംഗീത നാടകം), യുലിസ്സീസ് (ജെയിംസ് ജോയ്സിന്റെ നോവൽ), കാന്റോസ് (എസ്റ പൗണ്ടിന്റെ കാവ്യങ്ങൾ), ദ വേസ്റ്റ്ലൻഡ് (എല്യറ്റിന്റെ കാവ്യം), ദ മാൻ വിത്തൗട്ട് ക്വാളിറ്റീസ് (മ്യൂസിലിന്റെ നോവൽ), വൺ ഹണ്ട്രഡ് ഈയേഴ്സ് ഒഫ് സോളിറ്റ്യൂഡ് (മാർകേസിന്റെ നോവൽ) ഇവ വെറും പഴയ പുസ്തകങ്ങളല്ല: കീർത്തിസ്തംഭങ്ങളാണ്. ആധുനികരായ പാശ്ചാത്യനിരൂപകർ ഈ ഗ്രന്ഥങ്ങളുടെ രഹസ്യം കണ്ടുപിടിക്കാൻ ശ്രമിക്കുന്നു.


ഗബ്രിയേൽ ഗാർഷ്യ മാർകേസ്


മൊറേത്തി ഇപ്പുസ്തകങ്ങളെ ആധുനികങ്ങളായ ഇതിഹാസങ്ങൾ എന്നു വിളിക്കുന്നു (Modern Epics). വിദൂരമായ ഭൂതകാലത്തോടു ബന്ധമുള്ളതിനാലും ഘടനാപരമായ സാദൃശ്യങ്ങൾ ഉള്ളതിനാലും അവ ഇതിഹാസങ്ങൾ. ചിത്രീകരിക്കുന്ന സ്ഥലത്തിന് ആ സ്ഥലത്തെ അതിലംഘിക്കുന്ന മാനങ്ങൾ (dimensions) ഉള്ളതിനാൽ ആധുനികം. വിശ്വഗ്രന്ഥങ്ങൾ—World texts എന്നു ഇവയെ വിളിക്കാം.


വാർഗാസ് യോസ

സ്ഥലപരിമിതിയെക്കരുതി ഞാൻ മാർകേസിന്റെ നോവലിനെക്കുറിച്ചു മൊറേത്തി പറഞ്ഞതു് മാത്രം വളരെച്ചുരുക്കി എഴുതുന്നു. മറ്റു കൃതികൾക്കു് ഇല്ലാത്ത സവിശേഷതയുണ്ടു് ഈ നോവലിന്. ആ സവിശേഷത മഹാനായ മറ്റൊരു ലാറ്റിനമേരിക്കൻ നോവലിസ്റ്റ് വാർഗാസ് യോസ സ്പഷ്ടമാക്കിയിട്ടുണ്ട്. തുടക്കത്തിൽ ഒരു കഥാസംഭവം അതു് ഭാവിയിലുള്ളതാണ്. ആ ആഖ്യാനം പൊടുന്നനെ അതിവിദൂരമായ ഭൂതകാലത്തേക്കു് പോകുന്നു. ഇങ്ങനെ സംഭവം എവിടെത്തുടങ്ങിയോ അവിടെ എത്തുന്നു. ആഖ്യാനത്തിന്റെ ഈ ചാക്രിക ചലനം നോവലിന് ഐതിഹാസികമായ മഹത്വം നൽകുന്നുണ്ട്. മാർകേസ് ഉപയോഗിക്കുന്ന മാജിക്കൽ റിയലിസം ഈ മഹത്ത്വത്തിനു പരിവേഷം ചാർത്തുന്നു. മൊറേത്തി പറഞ്ഞതല്ല. ആശയ വിശദീകരണത്തിനു വേണ്ടി ഞാൻ എഴുതുകയാണ്. റ്റോമസ് മാനിന്റെ നോവലുകളിൽ ഇതു് കാണാനില്ല. അവ ഒരു ദേശത്തോ കുടുംബത്തിലോ ഒതുങ്ങി നിൽക്കുമ്പോൾ കാലത്തെയും ഉല്ലംഘിച്ച് അന്യാദൃശമായ ഒരുമണ്ഡലത്തിൽ ചെല്ലുന്നു.


റ്റോമസ് മാൻ

ഭാവികാലം അനുധാവനം ചെയ്യുന്ന വർത്തമാനകാലം. അതു് ഭൂതകാലത്തേക്കു് നയിക്കുന്നു. വിചിത്രമാണ് വർത്തമാനകാലം. അതു് സ്ഥിരതയില്ലാത്തതും. നെഹ്റു ഒരു നിശ്ചിത നിമിഷത്തിൽ സ്വാതന്ത്ര്യം പ്രഖ്യാപിക്കുമ്പോൾ പ്രത്യാനയിക്കാൻ വയ്യാത്ത ഒരു ഭൂതകാലത്തിന്റെ വേർപെടുത്തൽ പ്രഖ്യാപിക്കുമ്പോൾ ഒരു 'നിമിഷം'ആഗമിക്കുന്നു. അപ്പോൾ നമ്മൾ പഴയതിൽ നിന്നു് പുതിയതിലേക്കു കാലുവയ്ക്കുന്നു. ആ സന്ദർഭത്തിൽ ഒരുയുഗം അവസാനിക്കയാണ് (Midnight's Children, Tick Tock). അതോടെ മാന്ത്രികശക്തിയുള്ള ആയിരത്തിയൊന്നു ശിശുക്കൾ ജനിക്കുന്നു. ആരു് നിലനില്ക്കും? നവീന രാഷ്ട്രീയമോ അതോ മാന്ത്രികശക്തിയുള്ള കുഞ്ഞുങ്ങളോ? അതു് തന്നെ മാർകേസിന്റെ നോവലിലെ പട്ടണത്തിലുമുണ്ടാകുന്നു. ഭാവിയിൽ നിന്നു വീഴുന്ന കണ്ടുപിടുത്തങ്ങളുമായി ജിപ്സികൾ അവിടെ വരുന്നു. ചരിത്രം പ്രവഹിക്കാൻ തുടങ്ങുന്നു. ഇതാണ് മാർകേസിന്റെ World Text-നുള്ള അന്യാദൃശസ്വഭാവം.


ജെയിംസ് ജോയ്സ്

യൂലിസ്സീസിനെക്കുറിച്ച് റ്റ് എസ്. എല്യറ്റ് പറഞ്ഞതു് 'It is no longer a novel' എന്നാണ്. ജോയ്സിന്റെ ഈ കൃതിയും മോറേത്തി എടുത്തു് കാണിക്കുന്ന മറ്റു കൃതികളും ഒരതീത സാഹിത്യരൂപത്തിൽ പെടുന്നു. താൻ നിരൂപണം ചെയ്യുന്ന കൃതികളുടെ അഗാധതയിലേക്കു കടക്കാൻ മോറേത്തിക്കു പ്രയാസമില്ല. ഈ കാലയളവിലുണ്ടായ മഹത്ത്വമാർന്ന നിരൂപണമായി ഞാൻ ഈ ഗ്രന്ഥത്തെ കാണുന്നു (Modern Epic, The World System from Goethe to Garcia Marquez–Franco Moretti, Translated by Quintin Hoare, Verso, London, First Published in 1996, pp. 256, Rs. 852.60).

### ചോദ്യം, ഉത്തരം

ചോദ്യം: വേശ്യകൾ ലജ്ജിക്കുമോ?

ഉത്തരം: ഫ്രഞ്ച് മഹാകവി ബോദലെർ താങ്കൾക്കുള്ള മറുപടി പണ്ടേ പറഞ്ഞിട്ടുണ്ട്. കേൾക്കുക: "ദുർബലരായ ഈ ഇടത്തരക്കാരെല്ലാം ഇടവിടാതെ പറഞ്ഞുകൊണ്ടിരിക്കുന്ന വാക്കുകൾ—അസാന്മാർഗ്ഗികം. അസാന്മാർഗ്ഗികത്വം, കലയിലെ സന്മാർഗ്ഗം. ബുദ്ധിശൂന്യങ്ങളായ ശൈലികൾ ഇവയെല്ലാം—അഞ്ചു ഫ്രാങ്ക് വേശ്യയായ ലുയീസ് വിൽദ്യുവിനെയാണ് ഓർമിപ്പിക്കുന്നതു്. ഒരുദിവസം, അവൾ മുമ്പൊരിക്കലും കണ്ടിട്ടില്ലാത്ത ലൂവ്ര് കാണാൻ എന്നോടുകൂടി വന്നു. ലജ്ജാവൈവശ്യത്തോടെ കൈകൾ കൊണ്ടു മുഖ പൊത്തി അവൾ. അനശ്വരങ്ങളായ പ്രതിമകളുടെയും ചിത്രങ്ങളുടെയും മുമ്പിൽ നിന്നു. എന്റെ ഉടുപ്പിന്റെ കൈ നിരന്തരം പിടിച്ചുവലിച്ചുകൊണ്ട് അവൾ എന്നോടു ചോദിച്ചു അത്തരം അസഭ്യങ്ങൾ അവർ എങ്ങനെ പരസ്യമായി കാണുന്നുവെന്ന്."
(ലൂവ്ര് = പാരീസിലെ ആർട് മ്യൂസിയം. നഗ്നപ്രതിമകളും നഗ്നചിത്രങ്ങളും അവിടെ ഏറെയുണ്ട്)

ചോദ്യം: മറ്റുള്ളവരെ നമ്മൾ വിലയിരുത്തുന്നതു് എങ്ങനെ?

ഉത്തരം: അന്യരെ കാണുമ്പോൾ നമ്മൾ സ്വന്തം വിചാരവികാരങ്ങളെയാണ് അയാളിൽ ആരോപിക്കുന്നതു്. ഒരു സന്ധ്യാവേളയിൽ ഞാൻ ഒരു ഹോമിയോ ഡോക്ടറോടു സംസാരിച്ചുകൊണ്ടു റോഡിൽ നിൽക്കുകയായിരുന്നു. വേദന കാണിക്കുന്ന മുഖവുമായി അതിലേ ഒരു ചെറുപ്പക്കാരി കടന്നുപോയി. ഡോക്ടർ ഉടനെ പറഞ്ഞു: 'യൂട്ടെറസ്കാൻസറിന്റെ ആരംഭമാണു് ഇവർക്ക്'. വേറൊരാൾ പറയും: 'ഭർത്താവിന്റെ ക്രൂരതയാൽ വളരെ ദുഃഖിക്കുന്നവൾ'. കടുത്ത സന്മാർഗ്ഗവാദി പറയും: 'ആരും കൂട്ടില്ലാതെ പോകുന്ന ഇവൾ നല്ല കുടുംബത്തിൽ ജനിച്ചവളല്ല'.

ചോദ്യം: ഉത്കട വികാരങ്ങൾക്കു സ്ഥായിത്വമില്ലാത്തതു് എന്തുകൊണ്ട്?

ഉത്തരം: അവയ്ക്കു് സ്ഥിരത ഇല്ലെന്നു മാത്രമല്ല നേരെ വിപരീതമായ സ്വഭാവവും വരും. അഹിംസയിൽ വിശ്വസിക്കുന്നവൻ ഒരുകാലത്തു് കൊലപാതകിയാകും. കടുത്ത നക്സലൈറ്റ് കടുത്ത ഈശ്വര ഭക്തനാകും. 'ഊറ്റം കൂടിയ കമ്മ്യൂണിസ്റ്റ് ഊറ്റമേറിയ ആന്റി കമ്മ്യൂണിസ്റ്റാകും; പ്രബലനായ ആന്റി കമ്മ്യൂണിസ്റ്റ് പ്രബലനായ കമ്മ്യൂണിസ്റ്റാകും' എന്നു് കെസ്ലർ പറഞ്ഞിട്ടുണ്ട്.

ചോദ്യം: നിങ്ങളുടെ മനസ്സിൽനിന്നു് ഒരിക്കലും മായാത്ത ചിത്രമേത്?

ഉത്തരം: ഞാനൊരു ദിവസം മഹാകവി ജി. ശങ്കരക്കുറുപ്പിന്റെ വീട്ടിൽ ചെന്നപ്പോൾ അദ്ദേഹം പടിഞ്ഞാറോട്ടു നോക്കി ഇരിക്കുകയായിരുന്നു. ഞാൻ ചെന്നതു് അദ്ദേഹം അറിഞ്ഞതേയില്ല. കവിതയിലൂടെ പ്രപഞ്ചത്തിനപ്പുറത്തേക്കു നോക്കിയ കവി അവിടെയിരുന്നും അതനുഷ്ഠിക്കുകയായിരുന്നു. ഈ ഇരിപ്പും കവിയുടെ മുഖഭാവവും ഞാൻ ഒരിക്കലും വിസ്മരിക്കില്ല.

ചോദ്യം: കേരളത്തിലെ വിപ്ലവകാരികൾ എങ്ങനെ?

ഉത്തരം: കടുവയില്ലാത്ത നാട്ടിൽ സ്വയം കടുവയാണെന്നു വിചാരിച്ച് തലയുയർത്തി നടക്കുന്ന കാട്ടുപൂച്ചയാണു് കേരളത്തിലെ വിപ്ലവകാരി.

ചോദ്യം: നിങ്ങൾ ചന്ദ്രനെ നോക്കി കുരയ്ക്കുന്ന നായല്ലേ?

ഉത്തരം: അതേ. ഞാൻ ചന്ദ്രനെ നോക്കി കുരയ്ക്കുന്നു. ചോദ്യം ചോദിക്കുന്നവരും മറ്റുള്ളവരും എന്നെ നോക്കി കുരയ്ക്കുന്നു.


ചോദ്യം: ദുഃഖം ജനിപ്പിക്കുന്ന കാഴ്ചയേത്?

ഉത്തരം: കൈയിലുണ്ടായിരുന്ന അയ്യായിരം രൂപയിൽ 4999 രൂപയും ചെലവാക്കിക്കഴിഞ്ഞ് അവശേഷിക്കുന്ന ഒരു രൂപ. ഇരുട്ടുവീണ വേളയിൽ വിജനമായ ബസ് സ്റ്റോപ്പിൽ ബസ് കാത്തു നിൽക്കുന്ന സുന്ദരി. സ്ഫടികപാളികളിൽ നിറച്ച ജലത്തിൽ അങ്ങോട്ടുമിങ്ങോട്ടും ചലനം കൊണ്ടു് തടവിൽ കിടക്കുന്ന സ്വർണ്ണമത്സ്യം ഈ ദർശനങ്ങൾ ദുഃഖദായകങ്ങളാണ്.


### വൃദ്ധയുടെ മരണം


എ. ആർ.

തിരുവനന്തപുരത്തെ ആയുർവേദ കോളേജിനു് സമീപം അല്പം തെക്കുമാറി വഞ്ചിയൂർ എന്ന സ്ഥലത്തേക്കു പോകുന്ന റോഡുണ്ട്. ആ റോഡിലൂടെ അറുന്നൂറടി മുൻപോട്ടു പോയാൽ കുന്നുമ്പുറം എന്ന സ്ഥലത്തെത്തും. അവിടെയുള്ള ഒരു വീട്ടിൽ താമസിച്ചുകൊണ്ടാണ് ഞാൻ പ്രൈമറി സ്കൂളിൽ മൂന്നാം ക്ലാസ്സിൽ പഠിച്ചതു്. എനിക്കു് അന്നു് ഏഴു വയസ്സ്. എങ്കിലും സിതോപലത്തിന്റെ സുതാര്യതയുണ്ടു് ഓർമ്മകൾക്ക്. വക്കീലായിരുന്ന, കവിയായിരുന്ന, എ. ആർ. രാജരാജവർമ്മയുമായി അടുപ്പമുണ്ടായിരുന്ന ആർ. നീലകണ്ഠപിള്ള എന്ന കാരണവരോടുകൂടിയായിരുന്നു എന്റെ താമസം. അദ്ദേഹം ശരീരത്തിലാകെ നീരുവന്നു മരിച്ചു. പക്ഷേ അദ്ദേഹത്തിന്റെ അമ്മ 94 വയസ്സായിട്ടും മരിച്ചില്ല. കൂടക്കൂടെ അവർ ബോധമില്ലാതെ കിടക്കും. മരിക്കാൻ പോകുന്ന വൃദ്ധയെന്നു വിചാരിച്ചു വീട്ടിലുള്ളവർ മറ്റു ബന്ധുക്കളെ വിളിച്ചു വരുത്തും. അവർ ദിവസങ്ങളോളം കാത്തിരിക്കും. അതു് വെറുതേ. ഒരു ദിവസം വൃദ്ധയങ്ങു് എഴുന്നേൽക്കും. മറ്റത്തെ പ്ലാവിലകൾ പെറുക്കിയെടുക്കും. ഇങ്ങനെ ആറോ ഏഴോ തവണ അവർ ബന്ധുക്കളെ പറ്റിച്ചപ്പോൾ ആരും അവരെ പരിഗണിക്കാതെയായി. വൃദ്ധയ്ക്കു് ആഹാരം കൊടുക്കുന്നതിലും ശ്രദ്ധയില്ലായ്മ. അതുകൊണ്ടെന്ത്? വൃദ്ധയ്ക്കു് ഒരു ക്ലേശവുമില്ല. കാലത്തു് ഒരുഗ്ലാസ്സ് കട്ടൻകാപ്പി മാത്രം കുടിച്ചുകൊണ്ടു് അവർ ഇരുപത്തിയഞ്ചു വയസ്സുള്ള ചെറുപ്പക്കാരിയുടെ ശക്തി പ്രകടിപ്പിച്ച് വീട്ടിനകത്തും പുറത്തും നടക്കുമായിരുന്നു. ഒരു ദിവസം വീട്ടിൽ ഇഡ്ഡലിയും ഇറച്ചിക്കറിയും ഉണ്ടാക്കി. കറിയുടെ മണം പരന്നപ്പോൾ വൃദ്ധയ്ക്കു് ലാലാജലമൊഴുകി. കാരണവരുടെ വളർത്തു മകനായ ശേഖരനെ വിളിച്ചു് അവർ പറഞ്ഞു: 'ശേഖരാ, എനിക്കു ഇഡ്ഡലിയും ഇറച്ചിയും വേണം.' കാരണവരുടെ ഭാര്യ നൽകിയ അനുവാദത്തോടെ ശേഖരൻ മൂന്നിഡ്ഡലിയും ഇറച്ചിക്കറിയും വൃദ്ധയ്ക്കു് കൊണ്ടു കൊടുത്തു. ആവർ ആർത്തിയോടെ അതുള്ളിലാക്കി. എഴുന്നേറ്റു കൈ കഴുകി. കുലുക്കുഴിഞ്ഞു. പുല്പായിൽ വന്നു് ഇരുന്നു. മലർന്നു. കണ്ണടച്ചു. മരിച്ചു. ശരിയായി ആഹാരമില്ലാത്ത വൃദ്ധ ഇഡ്ഡലിയും ഇറച്ചിക്കൂട്ടാനും കഴിച്ചാൽ മരിക്കുമെന്നു് മെഡിക്കൽ സയൻസിൽ പറഞ്ഞിട്ടുണ്ടോ? ഉണ്ടെങ്കിലും ഇല്ലെങ്കിലും അതാണ് സംഭവിച്ചതു്.



ചാൾസ് ബോദലെർ

ഇതു് ശാസ്ത്രീയസത്യമാണെങ്കിൽ അതിനു യോജിച്ച വിധത്തിൽ തന്നെയാണ് ശ്രീകൃഷ്ണപുരം കൃഷ്ണൻകുട്ടി ദേശാഭിമാനി വാരികയുടെ വെള്ളത്താളുകളിൽ 'ആനന്ദഭൈരവി' എന്ന കഥാവൃദ്ധയെ കിടത്തിയിരിക്കുന്നതു്. അദ്ദേഹം അവരെ അവഗണിക്കുന്നു. അതുകൊണ്ടു് ആരും കലയുടെ ഭക്ഷണം നൽകാമെന്നു വിചാരിക്കേണ്ടതില്ല. കഥാകിഴവി ഉടനെ മരിച്ചു പോകും. വയസ്സി അങ്ങനെതന്നെ കിടക്കട്ടെ. മകന്റെ ഉത്കർഷത്തിൽ മനസ്സിരുത്താതെ സംഗീതത്തിൽ മാത്രം താല്പര്യം കാണിച്ച അച്ഛനെ അവൻ വെറുത്തു പോലും. അയാൾ മരിച്ചിട്ടും അവനു് ആ വെറുപ്പ് പോയില്ല പോലും. അച്ഛന്റെ സംഗീതോപകരണം—വീണ—എടുത്തു് വായിച്ച ഭാര്യയെ അവൻ അവളുടെ വീട്ടിൽ പറഞ്ഞയച്ച പോലും. പിന്നീടു് കാരണമൊന്നും കൂടാതെ മാനസാന്തരം വന്നു് അവൻ വീണയെടുത്തു സ്വന്തം മാറോടു ചേർത്തു ദുഃഖിച്ച പോലും. ഈ കഥാവൃദ്ധയ്ക്കു് കലയുടെ ഇഡ്ഡലിയും കറിയും കൊടുത്താൽ അവർ ഉടനെ മരിക്കും. ആരുടെ മരണവും നമ്മൾ ഇഷ്ടപ്പെടുന്നില്ല. അതുകൊണ്ടു് വായനക്കാരെ മെനക്കെടുത്തിക്കൊണ്ടു് വയസ്സി ഇമ്മട്ടിൽ തന്നെ കിടന്നു കൊള്ളട്ടെ.



ഇതു് വെറും കൊച്ചുവർത്തമാനമാണെന്നു് വായനക്കാർക്കു് തോന്നുന്നുണ്ടോ? എങ്കിൽ എന്നാലാവും വിധം വിമർശനപരമായി ചിലതു് പറയാം. കഥയ്ക്കു് വിഷയമേതുമാകാം. പക്ഷേ ആ വിഷയത്തെ നൂതനരൂപത്തിൽ ആലേഖനം ചെയ്യുമ്പോൾ കലാപരമായ വിശ്വാസ്യതയുണ്ടാകണം. ആ വിശ്വാസ്യതയാൽ അതു് തുടിക്കണം. സൗന്ദര്യത്തിന്റെ മുൻപിൽ സഹൃദയൻ വികാരവിവശനാവും. അതിന്റെ സാന്നിദ്ധ്യം അയാൾക്കു് ഹർഷാതിരേകം ഉളവാക്കും. ഇതൊന്നും കൃഷ്ണൻകുട്ടിയുടെ കഥയിൽ ഇല്ല. കലയുടെ മണ്ഡലത്തിൽപ്പോലും അവിശ്വാസജനകമായി അദ്ദേഹം ചിലതു് വ്യർത്ഥമായി പറയുന്നു. അത്രയേയുള്ളു.

### പ്രബന്ധച്ഛായ


ആൽഡസ് ഹക്സ്‌ലി

ബാഷേവിസ് സിങ്ങറുടെ നോവലുകളിലും ചെറുകഥകളിലും ആശയങ്ങളുടെ കുറവുണ്ട്. ആൽഡസ് ഹക്സ്‌ലിയുടെ നോവലുകളിൽ, കഥകളിൽ ആശയങ്ങൾ ഉന്തിനിൽക്കുന്നു. രണ്ടും ശരിയായ മാർഗ്ഗമല്ല. മലയാള സാഹിത്യത്തിലേക്കു് വന്നാൽ ഒ. വി. വിജയന്റെ 'ഖസാക്കിന്റെ ഇതിഹാസ'മെന്ന നോവലിൽ ആശയസമുച്ചയം ഭാവനാപരങ്ങളായ അംശങ്ങളും നിർക്ഷീരന്യായമനുസരിച്ച് സങ്കലനം ചെയ്തിരിക്കുന്നു. കെ. സുരേന്ദ്രന്റെ നോവലുകളിൽ എസ്സേയ് (essay = ഉപന്യാസം) എന്നതിനാണ് പ്രാധാന്യം. വിരളമായേ ഭാവനയുടെ അംശങ്ങൾ അവയിലുള്ളു. ഈ ലേഖകനു് സാഹിത്യസൃഷ്ടി ഭാവനാത്മകമായ ആഖ്യാനമായിരിക്കണമെന്നു് നിർബന്ധമുണ്ട്. തകഴി ശിവശങ്കരപ്പിള്ളയുടെ 'ചെമ്മീനെ'ന്ന നോവലിൽ ആശയവും ഭാവനയും വേർതിരിച്ചെടുക്കാൻ വയ്യാത്ത വിധത്തിൽ ആശ്ലേഷത്തിൽ അമർന്നിരിക്കുന്നു. ശ്രീ. പ്രഭാശങ്കർ എഴുതിയ 'സംഭാവ്യം' എന്ന ചെറുകഥയിൽ (മാതൃഭൂമി ആഴ്ചപ്പതിപ്പ്) ഭാവനയ്ക്കു് സ്ഥാനമില്ല. കലാകഞ്ചുകം ധരിക്കാത്ത ആശയമാണതിൽ. സംസ്കാരം തിരെയില്ലാത്ത സമകാലീക സമുദായത്തിൽ കൊലപാതകികൾ മാത്രമല്ല വധപരിപാടികളിൽ മുഴുകുന്നതു്. നിയമത്തിന്റെ അധികാരികളും അതു് ചെയ്യുന്നു എന്നാണു് കഥാകാരനു് പറയാനുള്ളതു്. അധികാരികളാൽ ബലിമൃഗമാക്കപ്പെട്ടവർ പിന്നീടു് ആത്മഹത്യ ചെയ്യുന്നു. കഥ കുറെ വാക്യങ്ങളുടേ സമാഹാരം മാത്രമാണ്. ഇതിൽ സർഗ്ഗാത്മകതയുടെ ഊർജ്ജമില്ല. നാടകീയതയുടെ പിരിമുറുക്കമില്ല. ആശയം കഥാകാരന്റെ ജീവരക്തത്തിൽ അലിഞ്ഞു ചേർന്നിട്ടില്ല. ഭാവാത്മകമായ രചന നിർവ്വഹിക്കാൻ പ്രഭാശങ്കറിനു് ആഗ്രഹമുണ്ടെങ്കിൽ അദ്ദേഹം ഇനിയും അശ്രാന്ത പരിശ്രമം ചെയ്യേണ്ടിയിരിക്കുന്നു.

### വിശദീകരണങ്ങൾ

**പെൻഷൻ**

സർക്കാർജോലി നോക്കുമ്പോൾ പേടിത്തൊണ്ടനായി കഴിയുന്നവനു് ഈ വാർദ്ധക്യകാല വേതനം കിട്ടിത്തുടങ്ങിയാൽ പ്രധാനമന്ത്രിയെ വരെ തെറിപറയാൻ കഴിയും.

**കൃത്രിമപ്പല്ല്**

ഹോട്ടലിൽ കയറി കാപ്പികുടിച്ചിട്ട് കാപ്പികുടിച്ചുകൊണ്ടിരിക്കുന്നവർക്കു് ഓക്കാനമുണ്ടാക്കാൻ വേണ്ടി വിരലുകൾ സ്വന്തം വായിലേക്കിട്ടു് എടുത്തു് വാഷ് ബെയ്സിനിൽ കഴുകാനുള്ളതു്.

**ചാരുകസേര**

നീണ്ടുനിവർന്നു കിടക്കുന്നവനു് കൂനവരുത്താൻ പറ്റിയതു്. ഒരിക്കൽ പി. കേശവദേവ് എന്റെ വീട്ടിൽ വന്നപ്പോൾ ഞാൻ ചരുകസേരയിൽ കിടക്കുകയായിരുന്നു. ഞാൻ അദ്ദേഹത്തെക്കണ്ടു് എഴുന്നേറ്റയുടനെ അദ്ദേഹം ചെയ്തതു് അതിന്റെ കമ്പുകൾ ഊരിയെടുത്തു് കാൻവാസ് ചുരുട്ടിക്കൂട്ടി മുറ്റത്തേക്കെറിയുകയായിരുന്നു. 'നിങ്ങൾക്കു് രോഗം വരുന്നതു് എനിക്കിഷ്ടമല്ല' എന്നു ദേവ് സ്നേഹത്തോടെ പറഞ്ഞു.

**പൊളിറ്റിക്സ്**

സാഹിത്യകാരന്മാർ ഇതിൽനിന്നു് ഒഴിഞ്ഞുനിന്നാൽ അവർക്കു് സർഗ്ഗശക്തി കൂടും. ബഹുജനമാകെ സ്നേഹിക്കും, ബഹുമാനിക്കും.

**ബോറൻ**

മറ്റുള്ളവർക്കു് ഞാനാരായി കാണപ്പെടുന്നുവോ ആ ആൾ.


**അടിക്കുറിപ്പുകൾ**

വ്യക്തമായി കവിതയെഴുതാൻ കഴിവില്ലാത്തവർ പുറത്തിന്റെ താഴെ വരച്ച വരക്കു് താഴെയായി എഴുതുന്നവ.


**കവികൾ**

പൂച്ചകൾ തമ്മിൽ കാണുമ്പോൾ 'മ്യാവൂ' ശബ്ദം കേൾപ്പിക്കുന്നതുപോലെ പരസ്പരദർശനത്തിൽ ഉള്ളിൽ ആ ശബ്ദം പുറപ്പെടുവിക്കുകയും പുറമേ ചിരിക്കുകയും ചെയ്യുന്നവർ.

### തോന്നലുകൾ


ഹെർമൻ മെല്‌വിൽ

1. ഭർത്താവ് പരസ്ത്രീഗമനം നടത്തുന്നവെന്നു് അറിയുന്ന ഭാര്യ നെഞ്ചിലിടിച്ചു് നിലവിളിക്കുന്നു. ആ ദുഃഖം കാണുന്ന മറ്റു സ്ത്രീകൾ ഇങ്ങനെ പറയുന്നതു് ഞാൻ പലപ്പോഴും കേട്ടിട്ടുണ്ട്. 'അയ്യോ അയാളെന്തിനു് ആ വിധത്തിൽ പ്രവർത്തിക്കുന്നു. പരമസുന്ദരിയല്ലേ അയാളുടെ ഭാര്യ?' സ്ത്രീക്കു് സഹജാവബോധമുണ്ട്, കാരുണ്യമുണ്ട്, എന്നൊക്കെ ഞാൻ സമ്മതിക്കുന്നു. പക്ഷേ പുരുഷന്റെ സൈക്കോളജിയെക്കുറിച്ചു് അവൾക്കു് അറിഞ്ഞുകൂടാ. A sweet heart is a bottle of wine; a wife is a wine bottle—കാമുകി ഒരു കുപ്പി വൈനാണ്; ഭാര്യ വെറും വൈൻകുപ്പിയാണ് എന്നു ബോദെലർ പറഞ്ഞതു് ഇവർ ഓർമ്മിക്കണം.


റിച്ചാർഡ് വാഗ്നർ


2. സൗധങ്ങൾ ചില സ്ഥലങ്ങളിൽ ഉയരുന്നതു് ശ്രദ്ധിച്ചിട്ടുണ്ടോ വായനക്കാർ. നമ്മൾ ദിവസവും ജനലിലൂടെ നോക്കുന്നതാണ്. ആരും പണിയിൽ ഏർപ്പെട്ടിരിക്കുന്നതു് കാണുകയില്ല. സിമന്റോ കമ്പിയോ ചുടുകല്ലോ ലോറിയിൽ കൊണ്ടിറക്കുന്നതും നമ്മൾ കാണുകയില്ല. ഒരു ദിവസം നോക്കുമ്പോൾ മനോഹരമായ സൗധം ഉയർന്നുനിന്നു് കാന്തി വിതറുന്നതു് ദർശിക്കും നമ്മൾ. ഇതുപോലെയാണ് സാഹിത്യത്തിലെ ജീർണ്ണതയെന്ന കൂമ്പാരം ഉയരുന്നതു്. എഴുത്തുകാർ കൃതികളെന്ന മാലിന്യം കൊണ്ടു കൂട്ടുന്നതു് നമ്മൾ അറിയുന്നില്ല. വീടു് നിർമ്മിക്കുന്ന ജോലിക്കാരെ നമ്മൾ കാണാത്തതുപോലെ മാലിന്യം കൊണ്ടുതട്ടുന്ന എഴുത്തുകാരെയും നമ്മൾ കാണുന്നില്ല. ഒടുവിൽ ദുസ്സഹമായ നാറ്റം വ്യാപിക്കുമ്പോൾ നമ്മൾ നോക്കുന്നു. മാലിന്യത്തിന്റെ കൂമ്പാരം എവറസ്റ്റിന്റെ ഔന്നത്യത്തോടുകൂടി നിൽക്കുന്നതു് ദർശിക്കുന്നു. ഒന്നേ വ്യത്യാസമായുള്ളു. സൗധം നമ്മളെ രസിപ്പിക്കുന്നു. ജീർണ്ണതയുടെ ഹിമാലയപർവ്വതം നാറ്റംകൊണ്ടു് നമുക്കു് ബോധക്കേടുണ്ടാക്കുന്നു.


പി. കേശവദേവ്

3. നമ്മുടെ വീട്ടിൽ പതിവില്ലാതെ അതിഥികളുടെ കൂട്ടം. ചിലരെ നമ്മൾ സ്നേഹിക്കുന്നു, മറ്റു ചിലരെ വെറുക്കുന്നു. വെറുക്കുന്നവർ ആദ്യം പോയെങ്കിൽ എന്നാണു് നമ്മുടെ വിചാരം. പക്ഷേ പോകുന്നതു് നമ്മളിഷ്ടപ്പെടുന്നവരാണ്. അവർ എല്ലാവരും പൊയ്ക്കഴിയുമ്പോൾ നമ്മൾ വെറുക്കുന്നവർ മാത്രം കസേരകളിൽ പൃഷ്ഠമുറപ്പിച്ചു് ഇരിക്കും. അടുത്ത കാലത്തെങ്ങും പോകുകയില്ല എന്ന ഭാവവും അവരുടെ മുഖങ്ങളിൽ.


വി. കെ. എൻ.

നല്ല എഴുത്തുകാരെല്ലാം പൊയ്ക്കഴിഞ്ഞു. ജി. ശങ്കരക്കുറുപ്പ്, ഉറൂബ്, വൈക്കം മുഹമ്മദ് ബഷീർ ഇങ്ങനെ പലരും യാത്രപറഞ്ഞു. നമ്മൾ വെറുക്കുന്ന ചില സാഹിത്യകാരന്മാർ വീട്ടിലെ കസേരകളിൽ ബലം പ്രദർശിപ്പിച്ചു് ഇരിക്കുന്നു. അവർ വളരെക്കാലം ആരോഗ്യത്തോടെ ഇരിക്കാൻ ഈശ്വരൻ സഹായിക്കട്ടെ. സാന്നിദ്ധ്യം കൊണ്ടു് നമുക്കു് അസ്വസ്ഥത വരുത്താതിരുന്നാൽ മാത്രം മതി.


വേളൂർ കൃഷ്ണൻകുട്ടി

4. ഒരിക്കൽ സി. എൻ. ശ്രീകണ്ഠൻ നായർ ഒരു ചെറുകഥയെഴുതിയിട്ട് അതിന്റെ കൈയെഴുത്തു പ്രതി വായിച്ചു നോക്കാനെന്നോടാവശ്യപ്പെട്ടു. 'കഥ നന്നായില്ല' എന്നു ഞാൻ പറഞ്ഞു. നീരസം കാണിക്കാതെ ശ്രീകണ്ഠൻ നായർ മറുപടി നൽകി: എന്റെ കഥ അച്ചടിച്ചു വരട്ടെ. അപ്പോൾ കൃഷ്ണൻ നായർ തന്നെ പറയും നല്ല കഥയെന്നു്. അദ്ദേഹത്തിന്റെ കഥ ഒരു വിശേഷാൽ പ്രതിയിൽ അച്ചടിച്ചു വന്നു. ഞാനതു് വീണ്ടും വായിച്ചു. കൊള്ളുകില്ലെന്നു ഗ്രഹിക്കുകയും ചെയ്തു. സ്വർണ്ണ സാലഭഞ്ജികമാർ പടിക്കെട്ടിന്റെ ഇരുവശങ്ങളിലുമായി നിൽക്കുന്നതു് നോക്കാതെ ആ പടികൾ ചവിട്ടിക്കയറി ഹാസ്യത്തിന്റെ സുവർണ്ണ സിംഹാസനത്തിലിരുന്ന വിക്രമാദിത്യ മഹാരാജാവാണ് ഈ. വി. കൃഷ്ണപിള്ള. വി. കെ. എൻ., സി. പി. നായർ, വേളൂർ കൃഷ്ണൻകുട്ടി, സുകുമാർ ഇങ്ങനെ പ്രഗത്ഭരായ ചിലരൊഴിച്ചു ശേഷമുള്ളവർ ഈ. വി. യെപ്പോലെയാകാൻ ശ്രമിച്ചു കൊണ്ടിരിക്കുന്നു. വിരസമാണ് തങ്ങളുടെ ഹാസ്യലേഖനമെന്നു കണ്ടാലും അവർ അവ പത്രാധിപർക്കു് അയയ്ക്കുന്നു. അച്ചടിച്ചു വരുമ്പോൾ ഹാസ്യം അവയിലുണ്ടായിക്കൊള്ളുമെന്ന വിചാരത്തോടെ അച്ചടിച്ചാൽ കുറെക്കൂടി ഭയാനകത്വം. എങ്ങനെ? കാണാൻ കൊള്ളാത്ത സ്ത്രീ ബ്യൂട്ടിപാർലറിൽ കയറി 'ഫേഷ്യൽ' നടത്തി പുറത്തുവന്നു കൂട്ടുകാരിയോടു ചോദിക്കും: ഞാനിപ്പോൾ എങ്ങനെ? വൈരൂപ്യം മുഖത്തെ മിനുക്കു പണികൾക്കു ശേഷം ഇരട്ടിച്ചിരിക്കും. എങ്കിലും കൂട്ടുകാരി പറയും: 'ഇപ്പോൾ സുന്ദരി'. ആ അസത്യപ്രസ്താവം കേട്ടു് അവൾ കൂടെക്കൂടെ ബ്യൂട്ടിപാർലറിൽ കയറും. അച്ചടിച്ചു വരുമ്പോൾ ഹാസ്യം ഉണ്ടായിക്കൊള്ളുമെന്നു വിചാരിച്ചു് വീണ്ടും വീണ്ടും ലേഖനങ്ങൾ എഴുതി വാരികയ്ക്കു് അയയ്ക്കുന്ന 'ഹാസ്യസാഹിത്യകാരനെ'പ്പോലെ. □

## എം. കൃഷ്ണൻ നായർ


തിരുവനന്തപുരത്ത് വി. കെ. മാധവൻ പിള്ളയുടെയും ശാരദാമ്മയുടെയും മകനായി 1923 മാർച്ച് 3-ന ശ്രീ എം. കൃഷ്ണൻ നായർ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിന ശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്ന് മലയാളത്തിൽ ബിരുദാനന്തര ബിരുദം നേടി. പഠനത്തിന ശേഷം മലയാള സാഹിത്യാധ്യാപകനായി അദ്ദേഹം പല കലാലയങ്ങളിലും സേവനം അനുഷ്ഠിച്ചു. എറണാകുളം മഹാരാജാസ് കോളജിൽ നിന്ന മലയാള വിഭാഗം തലവനായി വിരമിച്ചു.

## സാഹിത്യവാരഫലം



36 വർഷത്തോളം തുടർച്ചയായി അദ്ദേഹം എഴുതിയ (1969 മുതൽ മരണത്തിന ഒരാഴ്ച്ച മുൻപു വരെ) സാഹിത്യവാരഫലം ഒരുപക്ഷേ ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ കാലം പ്രസിദ്ധീകരിച്ച സാഹിത്യ പംക്തി ആയിരിക്കും. മലയാളനാട് വാരികയിലാണ് അദ്ദേഹം തന്റെ പംക്തി എഴുതിത്തുടങ്ങിയത്. മലയാളനാട് നിന്നുപോയതിന ശേഷം കലാകൗമുദി ആഴ്ചപ്പതിപ്പിലും അതിന ശേഷം സമകാലിക മലയാളം വാരികയിലും സാഹിത്യ വാരഫലം പ്രസിദ്ധീകരിച്ചു. ലോകസാഹിത്യത്തിൽ അഗാധമായ അറിവുണ്ടായിരുന്ന അദ്ദേഹം തെക്കേ അമേരിക്ക മുതൽ യൂറോപ്പ് വരെയും, ആഫ്രിക്ക മുതൽ ജപ്പാൻ വരെയുമുള്ള എഴുത്തുകാരെ കേരളത്തിലെ വായനക്കാർക്ക പരിചയപ്പെടുത്തി. പാവ്‌ലോ നെരൂദ, മാർകേസ്, തോമസ് മാൻ, യസുനാരി കവബാത്ത തുടങ്ങിയ വിശ്വസാഹിത്യകാരന്മാരെ മലയാളികളുടെ വായനാമേശയിൽ എത്തിക്കുന്നതിൽ കൃഷ്ണൻ നായരുടെ പങ്കു ചെറുതല്ല.

സൗമ്യസ്വഭാവിയും ശാന്തനും ആഥിത്യമര്യാദക്കാരനുമായിരുന്ന കൃഷ്ണൻ നായർ സാഹിത്യ വിമർശനത്തിൽ കർശനമായ മാനദണ്ഡങ്ങൾ അവലംബിച്ചു. രചിതാവിന്റെ പേരും പ്രശസ്തിയും അദ്ദേഹത്തിന് പ്രശ്നമായിരുന്നില്ല. കലാപരമായി ഔന്നത്യമുള്ള രചനകൾ മാത്രമാണ് സാഹിത്യമെന്നും മറ്റെല്ലാം വ്യർത്ഥവ്യായാമങ്ങളാണെന്നും അദ്ദേഹം ഉറച്ച വിശ്വസിച്ചു. സ്വന്തം ലേഖനങ്ങളെപ്പോലും 'സാഹിത്യ പത്രപ്രവർത്തനത്തിന്റെയും ഏഷണിയുടെയും ഒരു അവിയൽ' എന്ന വിശേഷിപ്പിച്ച അദ്ദേഹം അനുബന്ധമായി, 'അതുകൊണ്ടാണല്ലൊ, ചുമട്ടുതൊഴിലാളികൾവരെയും 35 വർഷമായി സാഹിത്യ വാരഫലം വായിക്കുന്നത്' എന്നും കൂട്ടിച്ചേർത്തു. രസകരമായ രചനാശൈലിയും കറിക്കു കൊള്ളുന്ന നർമവും മലയാളികളുടെ ജീവിത ശൈലിയെക്കുറിച്ചുള്ള നിശിതവും ഹാസ്യാത്മകവുമായ നിരീക്ഷണങ്ങളും സാഹിത്യ വാരഫലത്തെ വായനക്കാർക്ക പ്രിയങ്കരമാക്കി.




1995 ജൂൺ 25-ന് കലാകൗമുദി പ്രസിദ്ധീകരിച്ച കത്ത്.

അതിഗഹനമായ വായനയുടെ ഉടമയായിരുന്ന കൃഷ്ണൻ നായർ. ഓട്ടോറിക്ഷാ ഡ്രൈവർമാർ മുതൽ കോളേജ് പ്രൊഫസർമാർ വരെയും നവകവികൾ മുതൽ വിദ്യാർത്ഥികൾ വരെയും സാഹിത്യവാരഫലത്തിന്റെ പുതിയ ലക്കങ്ങൾക്കുവേണ്ടി കാത്തിരുന്നു. മലയാളസാഹിത്യത്തിൽ മൗലികതയുള്ള എഴുത്തുകാർ ഇല്ലെന്നും ടോൾസ്റ്റോയിയും തോമസ് മാനുമായി താരതമ്യപ്പെടുത്തുമ്പോൾ മലയാള സാഹിത്യകാരന്മാർ ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു എന്ന് അദ്ദേഹം വിശ്വസിച്ചു.

തിരുവനന്തപുരത്തെ സായാഹ്ന നടത്തക്കാർക്ക് പരിചിതനായിരുന്ന കൃഷ്ണൻ നായർ. ഇന്ത്യൻ കോഫി ഹൌസിലെ പതിവുകാരനായിരുന്ന അദ്ദേഹം തിരുവനന്തപുരത്തെ മോഡേൺ ബുക് സെന്ററിൽ സ്ഥിരം സന്ദർശകനും ഉപയുക്താവുമായിരുന്നു. സാഹിത്യരംഗത്തെ സേവനങ്ങൾക്ക് അദ്ദേഹത്തിന ജി. കെ. ഗോയെങ്ക പുരസ്കാരം ലഭിച്ചു. കേരള യൂണിവേഴ്സിറ്റി ലൈബ്രറി അദ്ദേഹത്തിന്റെ രചനകൾക്കായി ഒരു പ്രദർശനം നടത്തി. അദ്ദേഹത്തിന്റെ ആദ്യകാല ഉപന്യാസങ്ങളായ 'സ്വപ്നമണ്ഡലം' (1976), സൗന്ദര്യത്തിന്റെ സന്നിധാനത്തിൽ (1977), ചിത്രശലഭങ്ങൾ പറക്കുന്നു (1979), സാഹിത്യ വാരഫലത്തിന്റെ ആദ്യ പ്രതികൾ തുടങ്ങിയവ ഈ പ്രദർശനത്തിൽ ഉൾക്കൊള്ളിച്ചിരുന്നു.

ഫെബ്രുവരി 23, 2006-ൽ തിരുവനന്തപുരത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ കൃഷ്ണൻ നായർ അന്തരിച്ചു. ന്യുമോണിയയും ഹൃദയത്തിലെ രക്തതടസ്സവുമായിരുന്നു മരണ കാരണം.

(ഈ ജീവചരിത്രക്കുറിപ്പിനും വാരഫലത്തിലെ ചിത്രങ്ങൾക്കും വിക്കിപീഡിയയോട് കടപ്പാട്.)

## പ്രതികരണങ്ങൾ

### റിൽക്കെ കവിതകൾ

- റിൽക്കെ കവിതകൾ അവ അർഹിക്കുന്ന ചിത്രങ്ങളോടെ കാണുമ്പോൾ വലിയ ആഹ്ളാദം. ചിത്രങ്ങളില്ലാതെ എന്തു പുസ്തകം എന്ന് ആലീസ്. — സച്ചിദാനന്ദൻ

- രവികുമാറിന്റെ ഒരു വിവർത്തനമെങ്കിലും വായിക്കുക എന്നത് കുറേ കാലമായി തുടരുന്ന ഒരു പ്രഭാത ശീലമാണ്. കുറേ വിവർത്തനങ്ങൾ മലയാളനാടിൽ ഒരു പംക്തിപോലെ പ്രസിദ്ധീകരിക്കാനുമായി. സായാഹ്നയിൽ ഇതുപോലെ അക്ഷരമിഴിവോടെ ഫോൺ വായനയ്ക്കുള്ള തികവിൽ അവ ഇനി തുടർച്ചയായി വായിക്കാമെന്ന് പ്രതീക്ഷ നമ്മുടെ വിവർത്തന ചരിത്രത്തിൽ വേറിട്ടൊരു ഇടം രവിക്കുണ്ടാവും. എത്ര നിർബന്ധിച്ചിട്ടും തന്നെ പറ്റിയുള്ള വിവരണമോ തന്റെ ഒരു സ്റ്റാമ്പ് സൈസ് ഫോട്ടോയോ പോലും പ്രസിദ്ധീകരിക്കാൻ താത്പര്യമില്ലാത്ത ഒരു മനുഷ്യൻ. — സന്തോഷ്

- പേര് രവികുമാർ വാസുദേവ്. നാട് ചവറ തെക്കുംഭാഗം. റെയിൽവേ ഉദ്യോഗസ്ഥനായിരുന്നു. അവിവാഹിതൻ. സാഹിത്യ പരിഭാഷയെ വേട്ടിരിക്കുകയാണ് തോന്നുന്നു. മിതഭാഷി. സാഹിത്യോപാസകൻ. — ജലീൽ

### നടുക്കടലിൽ നിന്നും

- ഞങ്ങളൊക്കെ ഇപ്പോൾ വിശാലമായി എഴുതിക്കളിക്കുന്ന മലയാളം യൂനികോഡ് ഫോണ്ടുകളുടേയും സങ്കേതങ്ങളുടേയും വികാസത്തിന് താങ്കളടക്കം പലരോടുമുള്ള കടപ്പാട് നേരിൽ രേഖപ്പെടുത്താൻ കഴിഞ്ഞിട്ടില്ല ശ്രീ. ഹുസൈൻ! ഇപ്പൊ ഇങ്ങനെ ഒരു സന്ദർഭം കിട്ടിയതിന് …നന്ദി, നമസ്കാരം.
  — നിരഞ്ജൻ (ഒരു കപ്പൽ തൊഴിലാളി, കടലിൽ നിന്നും)

### About the PDF

- Today’s colour scheme seems to be the best among all of the colour schemes used, more so for the last page. The readability seems to have improved a lot. Gone are the days when Malayalam was restricted to black, white and colours which never enhanced the text, today things have changed for the better. The richness of colour seems to have made Malayalam stand out stronger in a world where we generally lean towards the prowess of English typesetting and seldom look at our regional language typesetting in this manner. This is indeed revolutionary and today I feel we have moved closer to taking Malayalam typesetting at par with global typesetting technologies. Thank the team who have put so much sweat into making this possible. — Aravind

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നതു്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നതു്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയതു്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്ക് അയയ്ക്കുകയോ, ഈ വെബ് പേജിൽ കമന്റുകളായി ചേർക്കുകയോ ചെയ്യുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.